ഉത്തരം

(എ) ഉണ്ട്.

(ബി) മൂവാറ്റുപുഴ, കോതമംഗലം, പിറവം, ഇടുക്കി, കടുത്തുരുത്തി, തൊടുപുഴ എന്നീ നിയോജകമണ്ഡലങ്ങളിലാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏറ്റെടുത്ത ജോലികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| നിയോജക മണ്ഡലം | അറേഞ്ച്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്ന പണികൾ | പ്രതീക്ഷിക്കുന്ന ചെലവ് (ലക്ഷം രൂപ) | റോഡ് കമ്മിറ്റി പാസാക്കി അറേഞ്ച് ചെയ്യാൻ തീരുമാനിച്ച പണികൾ | പ്രതീക്ഷിക്കുന്ന ചെലവ് (ലക്ഷം രൂപ) |
|---|---|---|---|---|
| മൂവാറ്റുപുഴ | 7 | 54.24 | 8 | 69.24 |
| കടുത്തുരുത്തി | 7 | 39.37 | 9 | 51.37 |
| പിറവം | 6 | 42.43 | 8 | 57.43 |
| കോതമംഗലം | 5 | 30.16 | 5 | 54.00 |
| ഇടുക്കി | 5 | 34.00 | 9 | 37.00 |
| തൊടുപുഴ | 6 | 56.00 | 6 | 55.00 |

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

**വാണിയംകുളം ശുദ്ധജലവിതരണ പദ്ധതി**

**87 (1999)** ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന് പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ മതിപ്പു തുകയെത്ര ;

(സി) ഈ പദ്ധതിക്കായി ഏത് ഏജൻസിയിൽ നിന്നാണ് ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കാര്യമായ ജല ദൗർലഭ്യമുള്ള ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായി ഈ വർഷം തന്നെ ഇതിന്റെ പണി ഏറ്റെടുത്ത് നടത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. വാണിയംകുളം പഞ്ചായത്തിൽ ഇപ്പോൾ കോതയൂർ, ചെറുകാട്ട്പുലം, ചെള്ളിയാട് എന്നീ ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്.

(ബി, സി & ഡി) ഉദിക്കുന്നില്ല.

## ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

**88 (2000)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ എവിടെയാണെന്നും എല്ലായിടത്തും ടെലിഫോൺ സൗകര്യങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 23 എണ്ണം.

(ബി) ഉത്തരമേഖലയിൽ വിദ്യനഗർ, കണ്ണൂർ, കോഴിക്കോട്, പൊന്നാനി, മുത്താന്തര, ചാലക്കുടി, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ 7 എണ്ണം ഉണ്ട്. ഇതിൽ പൊന്നാനി ഒഴികെ മറ്റെല്ലായിടത്തും ടെലഫോൺ സൗകര്യങ്ങൾ ഉണ്ട്. മദ്ധ്യമേഖലയിൽ എറണാകുളത്തും, പുത്തൻകുരിശിൽ ചുണ്ടിയിലും രണ്ടെണ്ണമുണ്ട്. രണ്ടിടത്തും ടെലഫോൺ സൗകര്യമുണ്ട്. ദക്ഷിണ മേഖലയിൽ അരുവിക്കര, പേപ്പാറ, കൊല്ലം ശാസ്താംകോട്ട, ശബരിമലയിൽ പമ്പയിലും, സന്നിധാനത്തിലും, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി, തിരുവല്ല (രണ്ടെണ്ണം), ആലുപ്പുഴ പിറവം, തേക്കടി എന്നീ 14 സ്ഥലങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്. ഇവയിൽ ശാസ്താംകോട്ടയിലും, തേക്കടിയിലും ടെലഫോൺ സൗകര്യമില്ല. ബാക്കി എല്ലായിടത്തും ടെലഫോൺ സൗകര്യം ഉണ്ട്.

## ബ്ലാംതോട്-ബന്തടുക്ക-ഡാം-കം-ബ്രിഡ്ജ്

**89 (2001)** ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ പാണത്തൂർ പുഴയിൽ ബ്ലാംതോട്-ബന്തുടക്ക-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly